REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 31-08-2025 സമയം 12.30 PM

## പ്രധാന വാർത്തകൾ

- വികസിത ഇന്ത്യ എന്ന ലക്ഷ്യത്തിലേക്ക് വോക്കൽ ഫോർ ലോക്കൽ, ആത്മനിർഭർ ഭാരത് എന്നീ മന്ത്രങ്ങളുമായി മുന്നോട്ടുപോകണമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.
- UPSC, സിവിൽ സർവീസ് പരീക്ഷകൾക്ക് തയ്യാറാകുന്ന ഉദ്യോഗാർത്ഥികൾക്കായി പ്രതിഭാസേതു എന്ന ഡിജിറ്റൽ പ്ലാറ്റ്ഫോം രൂപീകരിച്ചിട്ടുണ്ടെന്നും പ്രധാനമന്ത്രി.
- പ്രകൃതി ദുരന്തങ്ങൾ സാങ്കേതികവിദ്യയുടെ സഹായത്തോടെ നേരിട്ട് NDRF ഉം, SDRF ഉം, സുരക്ഷാസേനയും വിജയം കണ്ടതായും പ്രധാനമന്ത്രി.
- പ്രധാനമന്ത്രി നരേന്ദ്ര മോദി ചൈനീസ് പ്രസിഡന്റ് ഷി ജിൻപിങ്ങുമായി ഉഭയകക്ഷി കൂടിക്കാഴ്ച നടത്തി.
- ആനക്കാംപൊയിൽ-കള്ളാടി-മേപ്പാടി തുരങ്കപാത നിർമ്മാണം മുഖ്യമന്ത്രി പിണറായി വിജയൻ വൈകിട്ട് ഉദ്ഘാടനം ചെയ്യും.
- താമരശ്ശേരി ചുരത്തിൽ മൾട്ടി ആക്സിൽ വാഹനങ്ങൾക്കും, നിയന്ത്രണ വിധേയമായി ഗതാഗതം അനുവദിച്ചു.

## വാർത്തകൾ വിശദമായി

വികസിത ഇന്ത്യ എന്ന ലക്ഷ്യത്തിലേക്ക് വോക്കൽ ഫോർ ലോക്കൽ, ആത്മനിർഭർ ഭാരത് എന്നീ മന്ത്രങ്ങളുമായി രാജ്യം മുന്നോട്ടുപോകണമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണി മൻ കി ബാത്തിൽ പറഞ്ഞു. ഈ ഉത്സവകാലത്ത് സ്വദേശി ഉത്പന്നങ്ങളെക്കുറിച്ച് ഒരിക്കലും മറക്കരുതെന്ന് അദ്ദേഹം ജനങ്ങളെ ഉദ്ബോധിപ്പിച്ചു. സമ്മാനങ്ങൾ ഇന്ത്യയിൽ തന്നെ

നിർമ്മിച്ചവയാവണമെന്നും, വസ്ത്രങ്ങൾ ഇന്ത്യയിൽ നെയ്തെടുത്തവയാവണമെന്നും നരേന്ദ്രമോദി നിർദ്ദേശിച്ചു.

....വോയിസ്...............

പ്രകൃതി ദുരന്തങ്ങളിലൂടെ കഴിഞ്ഞ ഏതാനും ആഴ്ചകളിൽ രാജ്യം കടന്നുപോയപ്പോൾ NDRF ഉം, SDRF ഉം, സുരക്ഷാസേനയും സാങ്കേതികവിദ്യയുടെ സഹായത്തോടെ ആളുകളെ രക്ഷിക്കാൻ എല്ലാ ശ്രമങ്ങളും നടത്തി വിജയിച്ചു. തെർമൽ ക്യാമറകളും, ഡ്രോണുകളും ദുരിതാശ്വാസ പ്രവർത്തനങ്ങൾ വേഗത്തിലാക്കി. ദുഷ്ക്കരമായ സമയത്ത് മനുഷ്യത്വത്തെ മറ്റെന്തിനേക്കാളും ഉയർത്തിപ്പിടിച്ച ഓരോരുത്തർക്കും മൻ കി ബാത്തിലൂടെ അദ്ദേഹം നന്ദിയറിയിച്ചു.

വെള്ളപ്പൊക്ക ദുരിതങ്ങൾക്കിടയിലും ജമ്മുകശ്മീർ ഇത്തവണ രണ്ട് വലിയ കായിക വിനോദങ്ങൾക്ക് വേദിയായി. പുൽവാമയിലെ ആദ്യ ഡേ- നൈറ്റ് ക്രിക്കറ്റും, ദേശീയ വാട്ടർ സ്പോർട്സും വൻ ജനപങ്കാളിത്തത്തോടെയാണ് പൂർത്തിയായത്. മേളകളിൽ പങ്കെടുത്ത കളിക്കാരുമായി അദ്ദേഹം സംവദിച്ചെന്നും, ഏക് ഭാരതം, ശ്രേഷ്ഠ ഭാരതം എന്ന വികാരം പങ്കുവെയ്ക്കാൻ കായിക ഇനങ്ങൾക്ക് പ്രധാന പങ്കുണ്ടെന്നും നരേന്ദ്രമോദി പറഞ്ഞു.

UPSC സിവിൽസർവീസ് പരീക്ഷകൾ എഴുതിയ ഉദ്യോഗാർത്ഥികൾക്കായി പ്രതിഭാസേതു എന്ന ഡിജിറ്റൽ പ്ലാറ്റ്ഫോം രൂപീകരിച്ചിട്ടുണ്ടെന്ന് പ്രധാനമന്ത്രി അറിയിച്ചു. പരീക്ഷകളുടെ വിവിധ ഘട്ടങ്ങൾ വിജയകരമായി പൂർത്തിയാക്കിയ പലർക്കും അന്തിമ പട്ടികയിൽ എത്താനായിട്ടില്ല. അവരുടെ കഠിനപ്രയത്നം ഓർമ്മിപ്പിച്ച് ഡാറ്റാബാങ്ക് തയ്യാറാക്കിയിട്ടുണ്ട്. സ്വകാര്യകമ്പനികൾക്ക് സമർത്ഥരായ ഈ ഉദ്യോഗാർത്ഥികളുടെ വിവരങ്ങൾ നേടി അവരുടെ സേവനം ഫലപ്രദമായി പ്രയോജനപ്പെടുത്താൻ കഴിയും. ഈ പോർട്ടലിന്റെ സഹായത്തോടെ നൂറുകണക്കിന് ഉദ്യോഗാർത്ഥികൾക്ക് ഉദ്യോഗം ലഭിച്ചതയും പ്രധാനമന്ത്രി അറിയിച്ചു.

......വോയിസ്....

ലോകപ്രശസ്തനായ പോഡ്കാസ്റ്റർ ലെക്സ് ഫ്രിഡ്മാനുമൊത്ത് അവതരിപ്പിച്ച പോഡ്കാസ്റ്റ് ഉണ്ടാകാനിടയായ സാഹചര്യം പ്രധാനമന്ത്രി വിശദീകരിച്ചു. മധ്യപ്രദേശിലെ ഷഹഡോളിന്റെ ഫുട്ബോൾ പാരമ്പര്യം സംബന്ധിച്ച തന്റെ പോഡ്കാസ്റ്റാണ് അതിന് ഇടയാക്കിയതെന്ന് നരേന്ദ്രമോദി പറഞ്ഞു.

......വോയിസ്...

ഒന്നാം ലോക മഹായുദ്ധത്തിനു ശേഷം രക്തസാക്ഷികളായ ആയിരക്കണക്കിന് ധീര സൈനികരെ കുറിച്ച് വിവരങ്ങൾ ശേഖരിക്കുന്ന സൂറത്തിലെ ജിതേന്ദ്രസിംഗ് റാത്തോഡിനെക്കുറിച്ചും പ്രധാനമന്ത്രി മൻകി

ബാതിൽ പരാമർശിച്ചു. ദേശത്തോട് പുലർത്തുന്ന അതിശയകരമായ അഭിനിവേശമാണ് രക്തസാക്ഷികളെപ്പറ്റിയും അവരുടെ കുടുംബങ്ങളെപ്പറ്റിയും വിവരങ്ങൾ ശേഖരിക്കാൻ റാത്തോഡിന് പ്രേരണയായത്.

സൗരോർജ്ജത്തിന്റെ സാധ്യതകൾ പൂർണമായി പ്രയോജനപ്പെടുത്താൻ അദ്ദേഹം ജനങ്ങളെ ആഹ്വാനം ചെയ്തു. നൂറുകണക്കിന് സോളാർ പമ്പുകളും, സോളാർ നെല്ലുകുത്തു മില്ലുകളും, രാജ്യത്ത് പലയിടത്തും പ്രവർത്തിക്കുന്നുണ്ട് . ഇതുവഴി കർഷകരുടെ വരുമാനം വർദ്ധിപ്പിക്കാൻ സാധിച്ചു. മുസാഫർപൂരിലെ രത്തൻപുര ഗ്രാമവാസി ദേവകിയെ ആളുകൾ ഇപ്പോൾ സോളാർ ദീദി എന്നാണ് വിളിക്കുന്നതെന്ന് പ്രധാനമന്ത്രി പറഞ്ഞു. സൗരോർജ്ജം എല്ലാ ഗ്രാമങ്ങളിലേക്കും പുതിയ ശക്തിയും വെളിച്ചവും കൊണ്ടുവരാൻ കഴിയുന്ന ഊർജ്ജ ഉറവിടമാണെന്ന് പ്രധാനമന്ത്രി വിലയിരുത്തി.

സെപ്റ്റംബർ 15 ന് എൻജിനീയറിംഗ് ദിനവും, 17 ന് വിശ്വകർമ്മ ജയന്തിയും ആഘോഷിക്കുന്ന വേളയിൽ എൻജിനീയറിംഗ് സ്വപ്നങ്ങൾ പ്രാവർത്തികമാക്കുന്ന എൻജിനീയർമാർക്കും, കരകൗശല വിസ്മയങ്ങളായ വിശ്വകർമ്മജർക്കും അദ്ദേഹം ആശംസകൾ അർപ്പിച്ചു.

സെപ്റ്റംബറിൽ ഹൈദരാബാദ് ലിബറേഷൻ ഡേ ആഘോഷിക്കാനിരിക്കെ, ഇത് സാധ്യമാക്കിയ ഉരുക്കുമനുഷ്യൻ സർദാർ വല്ലാഭായ് പട്ടേലിന്റെ ശക്തമായ നടപടികൾ അദ്ദേഹം ഓർമ്മിപ്പിച്ചു. അന്നത്തെ ഓപ്പറേഷൻ പോളോയിൽ പങ്കെടുത്ത ധീരസൈനികരുടെ പോരാട്ട വീര്യത്തെയും അദ്ദേഹം അനുസ്മരിച്ചു.

ഭാരതീയ സംസ്കാരത്തിന്റെ സ്വാധീനം ഇറ്റലിയിൽ സ്ഥാപിച്ച വാത്മീകി ശില്പത്തിലും, കാനഡയിലെ ശ്രീരാമന്റെ 51 അടി പ്രതിമയിലും പ്രതിഫലിക്കുന്നുണ്ടെന്ന് പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു.

എല്ലാ സന്തോഷങ്ങൾക്കിടയിലും ജനങ്ങൾ ശുചിത്വത്തിന് പ്രത്യേക ഊന്നൽ നൽകണമെന്ന് പ്രധാനമന്ത്രി ആവശ്യപ്പെട്ടു. ശുചിത്വമുള്ളിടത്താണ് ഉത്സവങ്ങളുടെ സന്തോഷം കൂടുതൽ പ്രകടമാകുന്നതെന്നും നരേന്ദ്രമോദി അഭിപ്രായപ്പെട്ടു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദി ചൈനീസ് പ്രസിഡന്റ് ഷി ജിൻപിങ്ങുമായി ഉഭയകക്ഷി കൂടിക്കാഴ്ച നടത്തി. ഇരു രാജ്യങ്ങളിലെയും ജനതയുടെ താൽപ്പര്യങ്ങൾ ഇന്ത്യ - ചൈന സഹകരണവുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്ന് പ്രധാനമന്ത്രി പറഞ്ഞു. മുഴുവൻ മനുഷ്യരാശിയുടെയും ക്ഷേമത്തിന് ഇത് വഴിയൊരുക്കും.

പരസ്പര വിശ്വാസം, ബഹുമാനം, സംവേദനക്ഷമത എന്നിവയുടെ അടിസ്ഥാനത്തിൽ ഉഭയകക്ഷിബന്ധം മുന്നോട്ട് കൊണ്ടുപോകാൻ ഇന്ത്യ പ്രതിജ്ഞാബദ്ധമാണെന്ന് പ്രധാനമന്ത്രി പറഞ്ഞു. അതിർത്തി വിഷയങ്ങൾ കൈകാര്യം ചെയ്യുന്നത് സംബന്ധിച്ച് ഇരു രാജ്യങ്ങളുടെയും പ്രത്യേക പ്രതിനിധികൾ തമ്മിൽ കരാറിലെത്തിയിട്ടുണ്ടെന്നും പ്രധാനമന്ത്രി അറിയിച്ചു. കൈലാസ് മാനസസരോവർ യാത്ര പുനരാരംഭിച്ചതായും രണ്ട് രാജ്യങ്ങൾക്കുമിടയിൽ വിമാന സർവീസുകൾ പുനരാരംഭിക്കുമെന്നും മോദി വ്യക്തമാക്കി. ഷാങ്ഹായ് അംഗ രാജ്യങ്ങളിലെ മറ്റ് നേതാക്കളുമായും പ്രധാനമന്ത്രി ഉഭയകക്ഷി കൂടിക്കാഴ്ചകൾ നടത്തും. അംഗ രാജ്യങ്ങളിലെ രാഷ്ട്രത്തലവന്മാർക്കും ഗവൺമെന്റ് തലവന്മാർക്കുമായി രാത്രി സംഘടിപ്പിക്കുന്ന സ്വാഗത വിരുന്നിലും നരേന്ദ്രമോദി പങ്കെടുക്കും.

✪✪✪

രാജ്യരക്ഷാ സ്വാശ്രയത്വം രാജ്യത്തിന്റെ അതിജീവനത്തിനും, പുരോഗതിയ്ക്കും വേണ്ടിയാണെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് പറഞ്ഞു. സ്വാശ്രയ ഇന്ത്യയ്ക്ക് അതിന്റെ തന്ത്രപരമായ സ്വയംഭരണം സംരക്ഷിക്കാൻ കഴിയുമെന്നാണ് കേന്ദ്രം വിശ്വസിക്കുന്നതെന്ന് ന്യൂഡൽഹിയിൽ രാജ്യരക്ഷാ കോൺക്ലേവിൽ കേന്ദ്രമന്ത്രി പറഞ്ഞു.

✪✪✪

സഭാനടപടികളിൽ നിന്ന് മാറി നിൽക്കാനും, തടസ്സമുണ്ടാക്കാനും ലോക്സഭയിലുണ്ടാകുന്ന ആസൂത്രിത നീക്കം ജനാധിപത്യത്തിന് യോജിച്ചതല്ലെന്ന് സ്പീക്കർ ഓം ബിർള പറഞ്ഞു. രാജ്യസഭയിലും സംസ്ഥാന നിയമസഭകളിലും ഇത്തരം നീക്കങ്ങൾ ഉണ്ടാകുന്നതായി അദ്ദേഹം ഭുവനേശ്വറിൽ പറഞ്ഞു. കഴിഞ്ഞ പാർലമെന്റ് വർഷകാല സമ്മേളനത്തിൽ പ്രതിപക്ഷം സ്വീകരിച്ച നിലപാട് ഇതിന് മികച്ച ഉദാഹരണമാണെന്ന് ഓം ബിർള അറിയിച്ചു.

✪✪✪

കോഴിക്കോട്- വയനാട് ജില്ലകളെ ബന്ധിപ്പിക്കുന്ന ആനക്കാംപൊയിൽ-കള്ളാടി-മേപ്പാടി തുരങ്കപാത നിർമ്മാണം മുഖ്യമന്ത്രി പിണറായി വിജയൻ വൈകിട്ട് ഉദ്ഘാടനം ചെയ്യും. ആനക്കാംപൊയിൽ സെന്റ് മേരീസ് സ്കൂൾ ഗ്രൗണ്ടിലാണ് ഉദ്ഘാടന ചടങ്ങ്. താമരശ്ശേരി ചുരത്തിലെ ഗതാഗത പ്രശ്നങ്ങൾക്ക് പരിഹാരമാകുന്ന പദ്ധതി 2,134 കോടി രൂപ ചെലവിലാണ് നിർമ്മിക്കുന്നത്. 8.73 കിലോമീറ്റർ നാലുവരി തുരങ്കപാതയും, അപ്രോച്ച് റോഡുകളും ഉൾക്കൊള്ളുന്നതാണ് തുരങ്കപാതാ പദ്ധതി

ദുർഘടമായ താമരശ്ശേരി ചുരം റോഡിന് പകരം നിർമ്മീക്കുന്ന തുരങ്കപാത കൊച്ചി- ബാംഗ്ലൂർ വ്യവസായ ഇടനാഴിയുടെ ഭാഗമാകുന്നതോടെ മേഖലയിലെ

കാർഷിക- വിനോദ സഞ്ചാര മേഖലകൾക്ക് അപാര സാധ്യത ഉണ്ടാകുമെന്നാണ് വിലിയിരുത്തൽ.

ഏറ്റവും ആധുനികമായ സാങ്കേതിക വിദ്യയും, സൗകര്യങ്ങളും തുരങ്കപാതയിൽ ഉണ്ടായിരിക്കും. ഓരോ നൂറ് മീറ്ററിലും തുരങ്കങ്ങളെ തമ്മിൽ ഇടനാഴി വഴി ബന്ധിപ്പിക്കും. ഡിജിറ്റൽ പ്രകാശ സ്രോതസ്സ്, വായു ശുചീകരണ സംവിധാനം, ജലനിർഗമന ക്രമീകരണം എന്നിങ്ങനെ എല്ലാ സൗകര്യങ്ങളും തുരങ്കപാതയിലുണ്ടാകും. തുരങ്കത്തിന്റെ ഇരുവശങ്ങളിലും കമ്പ്യൂട്ടർവത്ക്യത ഗതാഗത നിയന്ത്രണ സംവിധാനം ഉണ്ടായിരിക്കും. കുറ്റമറ്റ അഗ്നി ശമന സുരക്ഷാ സംവിധാനങ്ങളും ക്രമീകരിക്കും. യൂറോപ്പിലെ ആൽപ്സ് പർവ്വതതിരയിൽ ഉപയോഗിച്ച സിലിണ്ടർ ആകൃതിയോടു കൂടിയ ടണൽ ബോറിങ് മെഷീൻ ആണ് തുരങ്ക നിർമ്മാണത്തിന് ഉപയോഗിക്കുന്നത്.

✪✪✪

വന്യജീവികളുടെ സംരംക്ഷണത്തിനൊപ്പം മനുഷ്യരുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ തീവ്രയജ്ഞ പരിപാടിയുടെ ഭാഗമായി കോഴിക്കോട്ടെ ജനകീയ സദസ്സിൽ പങ്കെടുക്കുകയായിരുന്നു മുഖ്യമന്ത്രി.

കാട്, നാട് എന്ന അതിരില്ലാതെ വന്യജീവികൾ സഞ്ചരിക്കുന്നത് സംഘർഷ സാധ്യത വർദ്ധിപ്പിക്കുകയാണെന്ന് മുഖ്യമന്ത്രി പറഞ്ഞു. വന്യജീവി സംരക്ഷണത്തോടൊപ്പം മനുഷ്യന്റെ ജീവനും സ്വത്തിനും സംരക്ഷണം നൽകണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. വനാതിർത്തികളിലെ സ്വകാര്യ എസ്റ്റേറ്റുകളില കൃഷി നടത്തുന്നത് സ്വാഭാവിക ആവാസ വ്യവസ്ഥയ്ക്ക് വലിയ തരത്തിൽ ഹാനിയുണ്ടാക്കുന്നുവെന്ന വസ്തുത മറക്കാനാവില്ല. മൃഗങ്ങൾക്ക് കാട്ടിൽ ഭക്ഷണം ലഭിക്കാതെയാകുമ്പോൾ അവ നാട്ടിലേക്കിറങ്ങുന്നത് തികച്ചും സ്വാഭാവികമാണെന്നും അദ്ദേഹം പറഞ്ഞു.

വന്യജീവി ആക്രമണത്തിൽ 884 പേർ മരിച്ചതിൽ 500 ലേറെയും പാമ്പുകടിയേറ്റാണ് മരിച്ചതെന്ന് അദ്ദേഹം പറഞ്ഞു. അതീവ ഗൗരവ ഇടപെടൽ ആവശ്യമായ ഇതിനെ സവിശേഷ ദുരന്തമായി മുഖ്യമന്ത്രി പ്രഖ്യാപിച്ചു.

✪✪✪

അമീബിക് മസ്തിഷ്കജ്വരം പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്ത് ജലസ്രോതസ്സുകളുടെ ശുചീകരണം ആരംഭിച്ചു. ജില്ലകളിൽ തദ്ദേശ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിലാണ് കിണറുകൾ ക്ലോറിനേറ്റു ചെയ്യുന്നത്. ശുചീകരണ പ്രവർത്തനങ്ങൾ ഇന്നും തുടരും.

✪✪✪

**സംസ്ഥാനത്ത് മഴയുടെ ശക്തി കുറഞ്ഞു. ഇന്ന് ഒരിടത്തും ജാഗ്രതാ നിർദ്ദേശം നൽകിയിട്ടില്ല. ലക്ഷദ്വീപ്, കർണാടക തീരങ്ങളിൽ ശക്തമായ കാറ്റിന് സാധ്യതയുണ്ടെന്നും, മീൻപിടുത്തക്കാർ കടലിൽ പോകരുതെന്നും മുന്നറിയിപ്പുണ്ട്.**

✪✪✪

**കണ്ണൂർ ചെമ്പൊത്തൊട്ടിയിൽ ബിഷപ്പ് വള്ളോപ്പള്ളി സ്മാരക കുടിയേറ്റ മ്യൂസിയത്തിന്റെ ഒന്നാം ഘട്ടം ഉദ്ഘാടനം ചെയ്തു. മലബാറിന്റെ കുടിയേറ്റ ചരിത്രത്തിന്റെ നേർക്കാഴ്ചകളൊരുക്കിയാണ് മ്യൂസിയം പൂർത്തിയാവുന്നത്.**

**കണ്ണൂരിൽ നിന്ന് KO ശശിധരൻ.**

**.....(വോയ്സ്).......**

✪✪✪

**കോഴിക്കോട് ഫറോക്ക് താലൂക്ക് ആശുപത്രിയിൽ പുതുതായി നിർമ്മിച്ച കെട്ടിടം മുഖ്യമന്ത്രി പിണറായി വിജയൻ നാടിന് സമർപ്പിച്ചു. മന്ത്രി വീണാജോർജ് ചടങ്ങിൽ അധ്യക്ഷയായിരുന്നും. മന്ത്രി PA മുഹമ്മദ് റിയാസ്, M K രാഘവൻ MP തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു. കിഫ്ബി സഹായത്തോട ഇരുപത്തി മൂന്നര കോടി രൂപ ചെലവിലാണ് കെട്ടിടം നിർമ്മിച്ചത്.**

✪✪✪

**മണ്ണിടിച്ചിലുണ്ടായ താമരശ്ശേരി ചുരം പ്രദേശത്ത് മഴ കുറഞ്ഞ സാഹചര്യത്തിൽ, മൾട്ടി ആക്സിൽ വാഹനങ്ങൾക്കും നിയന്ത്രണ വിധേയമായി ഗതാഗതം അനുവദിക്കുമെന്ന് ജില്ലാ കലക്ടർ സ്നേഹിൽ കുമാർ സിംഗ് അറിയിച്ചു. ഇപ്പോഴത്തെ ഒറ്റവരി ഗതാഗത നിയന്ത്രണം തുടരും. ഇരു ഭാഗത്തുനിന്നും വാഹനങ്ങൾ പൊലീസ് സഹായത്തോടെ കൃത്യമായ ഇടവേളകളിൽ കടത്തിവിടും. മഴ ശക്തമാകുന്ന സാഹചര്യങ്ങളുണ്ടായാൽ നിയന്ത്രണങ്ങൾ പുനഃസ്ഥാപിക്കും. ചുരം വ്യൂപോയിന്റിൽ വിനോദസഞ്ചാരികൾക്ക് ഏർപ്പെടുത്തിയ വിലക്ക് തുടരും. ഇവിടെ വാഹനം നിർത്തുകയോ ആളുകൾ പുറത്തേക്കിറങ്ങുകയോ ചെയ്യരുതെന്നും ജില്ലാ കലക്ടർ അറിയിച്ചു.**

✪✪✪

---

*News Editor & News Reader വി കെ സുരേഷ്*
*NRTs: അനിൽ ചന്ദ്രൻ , രജിന കെ*
*DEO : ഷീബ*